പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:894 02.12.15 ൽ മറുപടിക്ക്

# പരപ്പാൽ ബീച്ചിൽ കടൽഭിത്തി നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ പരപ്പാൽബീച്ചിന്റെ സംരക്ഷണാർത്ഥം കടൽഭിത്തി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ പരപ്പാൽ അരിയല്ലൂർ ബീച്ചിന്റെ സംരക്ഷാർത്ഥം കടൽഭിത്തി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശം പരിഗണനയിലില്ല. എന്നാൽ അരിയല്ലൂർ ബീച്ചിലെ പരപ്പാലിൽ ടിപ്പു സുൽത്താൻ റോഡിന്റെ സംരക്ഷണത്തിനുവേണ്ടി 227.00 മീറ്റർ നീളത്തിൽ കോർഭിത്തി നിർമ്മിക്കുന്നതിന് 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) നിലവിലുണ്ട്. കോർഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടില്ല. ബഹു:കേരള ഹൈക്കോടതിയുടെ വിധി പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള കമ്മറ്റിയുടെ തീരുമാന പ്രകാരം മാത്രമേ പ്രവൃത്തി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ബീച്ചിലെ സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട്ബഹു. ഹൈക്കോടതിയുടെ WP(C)No.6448/2009(s) റിട്ട് പെറ്റീഷന്മേലുള്ള 17.03.2009-ലെ വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത വിധിയിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജി.ഒ(ആർ.ടി) നമ്പർ 592/09/ഡബ്ള്യൂ .ആർ.ഡി തിരുവനന്തപുരം തീയതി 06.06.2009 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത ബീച്ചിൽ സംരക്ഷണ ഭിത്തി അടിയന്തരമായി നിർമ്മിച്ച് ബീച്ചിനെ കടലാക്രമണത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുതബീച്ചിനെ കടലാക്രമണത്തിൽ നിന്നു സംരക്ഷിക്കുന്നതിനായി 227 മീറ്റർ നീളത്തിൽ കോർ ഭിത്തി നിർമ്മിക്കുന്നതിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് വേണ്ടി ബഹു:കേരള ഹൈക്കോടതിയുടെ വിധിക്ക് വിധേയമായി ഒരു സർവ്വ കക്ഷിയോഗം വിളിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ